# ACTION PLAN

## 2025-26

I.I.A.L.P.S. CHENGALA

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വായന. ലേഖനം | വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് പ്രവർത്തന പാക്കേജ് ഒരുക്കുന്നു. 3, 4 ക്ലാസുകളിലെ പിന്നോക്കക്കാരെ കണ്ടെത്തുന്നതിന് pre-test നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തിയാൽ അവർക്ക് യോജിച്ച തരത്തിലുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. വർക്ക് ഷീറ്റുകൾ നൽകിയും ആകർഷകമായ രീതിയിൽ കഥ, പാട്ട്, ചിത്രങ്ങൾ എന്നിവയുടെ സഹായത്തോടെ അക്ഷരങ്ങളെയും വാക്കുകളെയും തിരിച്ചറിഞ്ഞ് വായിക്കുന്നതിനും എഴുതുന്നതിനും അവസരങ്ങൾ ഒരുക്കി അവരെയും മുൻനിരയിൽ എത്തിക്കുന്നു. | June to December | അധ്യാപകർ | 2000 | |
| 2 | English | My English world<br>കുട്ടികൾക്ക് മടികൂടാതെ ഇംഗ്ലീഷ് സംസാരിക്കുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും പ്രത്യേക പരിശീലനം നൽകുന്നു. ഓരോ പാഠവും തുടങ്ങുന്നതിനു മുന്നോടിയായി അതിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുകയും കഥാപാത്രങ്ങളെക്കുറിച്ച് കുറിപ്പ്, കവിത, വിവരണം തുടങ്ങിയവ ഇംഗ്ലീഷിൽ | June to march | അധ്യാപകർ | 2000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | | തയ്യാറാക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നു. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി കൂടുകയും കുട്ടികളുടെ സൃഷ്ടികൾ പരിചയപ്പെടുത്തുന്നതിനും ഇംഗ്ലീഷ് News വായിക്കുന്നതിനും മറ്റും അവസരം നൽകുന്നു. അന്നേദിവസം ഇംഗ്ലീഷ് ദിനമായി ആചരിക്കുകയും ഇംഗ്ലീഷിൽ സംസാരിക്കുകയും ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നു. ഇംഗ്ലീഷ് വായനാ കാർഡുകൾ എല്ലാ ക്ലാസിലും നൽകുകയും ഇംഗ്ലീഷ് കഥകൾ പറയാൻ കുട്ടികൾക്ക് അവസരം നൽകുകയും ചെയ്യുന്നു | | | | |
| 3 | ഗണിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ | ഗണിതം ലളിതം<br>ഗണിത ലാബിലുള്ള എല്ലാ സാധനങ്ങളും ഗണിത പഠനത്തിനായി ഉപയോഗിച്ചുകൊണ്ട് ഗണിതത്തെ കൂടുതൽ ലളിതവും രസകരവുമായി അവതരിപ്പിക്കുന്നു. പ്രായോഗിക പ്രശ്നങ്ങൾ വായിച്ച് സ്വയം മനസ്സിലാക്കുന്നതിനായി കുട്ടികളെ പ്രാപ്തരാക്കുന്നതിനായി കൂടുതൽ വർക്ക് ഷീറ്റുകൾ നൽകുകയും പ്രായോഗിക പ്രശ്നങ്ങളെ പരിചയപ്പെ [illegible] നൽകുകയും ചെയ്യുന്നു. | June to February | Teachers | 1000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 4 | പരീക്ഷണങ്ങൾ | ശാസ്ത്ര കൗതുകം<br>കുട്ടികൾക്ക് ശാസ്ത്രത്തോട് താത്പര്യം വർദ്ധിപ്പിക്കുന്നതിനായി വിവിധ പരീക്ഷണങ്ങൾ ചെയ്യുന്നതിനും കാണുന്നതിനും അവസരം ഒരുക്കുന്നു. ക്ലാസ് തലത്തിൽ ഓരോ പാഠത്തോടൊപ്പം ചേർന്നു നിൽക്കുന്ന പരീക്ഷണങ്ങൾ കുട്ടികൾക്ക് ചെയ്യാൻ അവസരം ഒരുക്കുകയും മാസത്തിൽ ഒരിക്കൽ എല്ലാ ക്ലാസിലെയും കുട്ടികൾക്ക് കാണുന്നതിനായി പരീക്ഷണങ്ങളുടെ പ്രദർശനം ഒരുക്കുകയും ചെയ്യുന്നു. | July to February | പരിസ്ഥിതി ക്ലബ്ബ് | 3000 | |
| 5 | സർഗവാസന | സർഗോത്സവം:<br>ക്ലാസ് തലത്തിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും അവർക്ക് പരിശീലന സഹായങ്ങൾ നൽകുകയും ചെയ്യുന്നു. മാസത്തിൽ ഒരിക്കൽ ബാലസഭ കൂടുകയും കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. | June to Janaary | Teachers | 2000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 6 | ലൈബ്രറി ശാക്തീകരണം | ക്ലാസ് തലത്തിൽ വായനാമൂല ഒരുക്കുകയും കുട്ടികൾക്ക് പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. വ്യത്യസ്ത നിലവാരക്കാർക്ക് യോജിച്ച തരത്തിലുള്ള വായനാ കാർഡുകളും ചിത്രകഥാ പുസ്തകങ്ങളും ക്ലാസ് ലൈബ്രറിയിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു. വായനാക്കുറിപ്പ് തയ്യാറാക്കുകയും പതിപ്പ് പ്രകാശനം ചെയ്യുകയും ചെയ്യുന്നു. | June to February | Teachers | 5000 | |
| 7. | ഗൃഹസന്ദർശനം | സ്കൂളിലെ എല്ലാ കുട്ടികളുടെയും വീടുകൾ സന്ദർശിക്കുകയും അവരുടെ സാഹചര്യങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു. രക്ഷിതാക്കളുമായി സൗഹൃദം സ്ഥാപിക്കുകയും പഠന കാര്യങ്ങളിൽ അവരുടെ സഹായം ഉറപ്പുവരുത്തുകയും ചെയ്യുന്നു. | August to January | Teachers | 2000 | |

| | | | | | | |
|---|---|---|---|---|---|---|
| 8 | P.T.A ശാക്തീകരണം | എല്ലാ മാസവും കൃത്യമായി ക്ലാസ് പി.ടി.എ വിളിച്ചു ചേർക്കുകയും രക്ഷിതാക്കൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ ഇടപെടൽ ഉറപ്പുവരുത്തുന്നു. രക്ഷിതാക്കൾക്ക് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു | June to February | Teachers | 2000 | |
| 9 | നാടിനെ അറിയാൻ | ഫീൽഡ് ട്രിപ്പ് നടത്തി നാട്ടിലെ വിവിധ കൃഷിയിടങ്ങളും പ്രകൃതി സൗന്ദര്യവും പ്രത്യേകതകളും നേരിട്ട് മനസ്സിലാക്കുന്നതിനും ആസ്വദിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്നു. നാടിന്റെ ചരിത്രം, പൈതൃകം, വിവിധ തൊഴിലുകൾ മുതലായവയെ കുറിച്ച് കൂടുതൽ അറിയുന്നതിനായി മുതിർന്നവരുമായി അഭിമുഖം സംഘടിപ്പിക്കുകയും. നാടിന്റെ ലഘു ചരിത്രം കുട്ടികളുടെ ഭാഷയിൽ തയ്യാറാക്കുകയും ചെയ്യുന്നു | [illegible] to December | Teachers | 1000 | |

| | | | | | | |
|---|---|---|---|---|---|---|
| 10 | ക്ലബ്ബുകൾ | വിവിധ ക്ലബ്ബുകൾ, ഗണിത ക്ലബ്ബ്, പരിസ്ഥിതി ക്ലബ്, etc, രൂപീകരിക്കുകയും അധ്യാപകർക്ക് ചുമതല വിഭജിച്ച് നൽകുകയും ചെയ്യുന്നു. ഓരോ മാസവും ഓരോ ക്ലബ്ബിന്റെ പരിപാടികൾ സംഘടിപ്പിക്കുന്നു. | June to March | Teachers | 2000 | |
| 11 | പച്ചക്കറി തോട്ടം | P.T.A യുടെ നേതൃത്വത്തിൽ സ്കൂളിൽ പച്ചക്കറി തോട്ടം ഒരുക്കുന്നു. കുട്ടികൾക്ക് അവ നിരീക്ഷിക്കുന്നതിനും വെള്ളമൊഴിച്ച് പരിപാലിക്കുന്നതിനും അവസരം നൽകുന്നു | Sept to March | P.T.A | 10,000 | |
| 12 | വാർഷികം | പി.ടി.എ യുടെ നേതൃത്വത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അവരുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനായി വാർഷിക പരിപാടി സംഘടിപ്പിക്കുന്നു. ഈ വിദ്യാഭ്യാസ വർഷം കുട്ടികൾ നേടിയിട്ടുള്ള മികവുകൾക്ക് ആദരവും പ്രോത്സാഹനവും നൽകുന്നു | February | P.T.A | 50,000 | |